**തദ്ദേശസ്വയംഭരണ പ്ലാനിംഗ് വകുപ്പ്**
**ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം**
**നഗരാസൂത്രകയുടെ നടപടിക്രമങ്ങൾ**

വിഷയം:- ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം - തിരുപുറം ഗ്രാമപഞ്ചായത്തിൽ തിരുപുറം വില്ലേജിൽ ഗ്രൂപ്പ് D വിഭാഗത്തിൽ ഉൾപ്പെടുന്ന ആരാധനാലയം നിർമ്മിക്കുന്നതിന് ലേഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം തിരുപുറം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 04.02.2021 ലെ എ 3-2236/18 നമ്പർ കത്ത്.

**<u>ഉത്തരവ് നമ്പർ TCPTVM/255/2021-D തീയതി 15/03/2021</u>**

തിരുപുറം ഗ്രാമപഞ്ചായത്തിൽ തിരുപുറം വില്ലേജിൽ 261/2,261/2-1,261/3,261/8,261/1,262/20,261/20-1 സർവ്വേ നമ്പറിൽ ഉൾപ്പെടുന്ന 73.22 are സ്ഥലത്തു ഗ്രൂപ്പ് D വിഭാഗത്തിൽ ഉൾപ്പെടുന്ന കെട്ടിടത്തിന്റെ (Church Building) ലേ ഔട്ട് അംഗീകാരത്തിനായി INFANT JESUS CHURCH നു വേണ്ടി REV.DR.VINCENT SAMUEL, REV.FATHER JOSEPH PARAKKUZHY എന്നിവർ സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപറയുന്ന നിബന്ധനകൾക്കു വിധേയമായി ലേഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

1. നിർമ്മാണം കെ.പി.ബി.ആർ.2011 നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമായിരിക്കണം.
2. നിർമ്മാണ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ , ഉടമസ്ഥത, അതിരുകൾ, അളവുകൾ എന്നിവ സെക്രട്ടറി പരിശോധിച്ച് ശരിയാണെന്ന് ഉറപ്പുവരുത്തണം.
3. പ്രസ്തുത സ്ഥലത്തു നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ല എന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം .
4. നിർമ്മാണ സ്ഥലത്ത് നിലം, പുറമ്പോക്ക് എന്നിവ ഉൾപ്പെടുന്നില്ല എന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
5. 2008 ലെ നെൽവയൽ തണ്ണീർത്തട നിയമം / അനുബന്ധ ഭേദഗതി എന്നിവ പ്രകാരം അനുവദനീയമാണെന്ന് ഉറപ്പ വരുത്തേണ്ടതുമാണ്.
6. സ്വാഭാവിക ജല നിർഗമന മാർഗ്ഗങ്ങൾ അടഞ്ഞുപോകരുത് .
7. നിർദ്ദിഷ്ട ലേ -ഔട്ടിൽ ഡ്രെയിനേജിനുള്ള സൗകര്യം നല്കിയിരിക്കണം. പ്രസ്തുത ലേ-ഔട്ടിൽ നിന്നുള്ള ഡ്രെയിനേജ് (മഴവെള്ളം/മലിനജലം) പരിസരവാസികൾക്ക് ദോഷമുണ്ടാക്കരുത്.
8. നിർമ്മാണം കെ .പി.ബി.ആർ.2011 ചട്ടം 30 നനുസൃതമായി മാലിന്യ നിർമ്മാർജ്ജന സംവിധാനം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ വരുത്തണം.
9. Pollution control board, ഫയർ തുടങ്ങിയ ഏജൻസികളിൽ നിന്ന് ആവശ്യമായ അനുമതികൾ നേടിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

10. കെ .പി.ബി.ആർ.2011 ചട്ടം 102 പ്രകാരം മഴവെള്ളം മണ്ണിലേക്കിറങ്ങാൻ പാകത്തിന് ക്രമീകരണങ്ങളും മഴവെള്ളം സംഭരിക്കുന്നതിനുമുള്ള സംവിധാനങ്ങളും നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ് .
11. പ്ലാനിൽ നൽകിയിട്ടുള്ള വിധം ചട്ടപ്രകാരമുള്ള പ്രായോഗികമായ പാർക്കിങ് പ്ലോട്ടിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും പാർക്കിങ്ങിനായി മാറ്റി വച്ചിട്ടുള്ള സ്ഥലം ഭാവിയിൽ മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നില്ല എന്നും സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
12. നിർദ്ദിഷ്ട നിർമ്മാണം മൂലം പ്ലോട്ടിൽ നിലവിലുള്ള കെട്ടിടത്തിന്റെ /സമീപ പ്ലോട്ടിലുള്ള കെട്ടിടത്തിന്റെ സുരക്ഷയെ ബാധിയ്ക്കരുത്.
13. കെ.പി.ബി.ആർ 2011 ചട്ടം 56 പ്രകാരമുള്ള ശുചീകരണ സൗകര്യങ്ങൾ കെട്ടിടത്തിൽ ലഭ്യമാക്കുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്
14. കെ.പി.ബി.ആർ 2011 ചട്ടം 57 (12B) പ്രകാരമുള്ള സൗകര്യങ്ങൾ സ്ഥലത്തു ലഭ്യമാക്കുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
15. കെ.പി.ബി.ആർ 2011 ചട്ടം 76(3) പ്രകാരം നിർദ്ദിഷ്ട യൂണിറ്റിനു ചുറ്റും അനുയോജ്യമായ മരങ്ങൾ നടേണ്ടതാണ്.
16. കെ.പി.ബി.ആർ 2011 ചട്ടം 104 പ്രകാരമുള്ള സൗകര്യങ്ങൾ പ്രസ്തുത നിർമ്മാണത്തിലും സൈറ്റിലും നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
17. പ്രസ്തുത നിർമ്മാണത്തിന്റെ ഗ്രൗണ്ട് ഫ്ലോറിൽ കാണിച്ചിരിക്കുന്ന വരാന്ത അടച്ചു കെട്ടില്ലാതെ തുറസ്സായ സ്ഥലമായി നിർമ്മിക്കുന്നുവെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ് .
18. മുറികൾക്ക് 4m ഉയരം ലഭ്യമല്ലാത്ത ഭാഗങ്ങളിൽ Air Conditioned ചെയ്തിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

**12 /2021 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാനുകൾ (ഒരു സെറ്റ്) ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.**

JAYASREE.V.K
TOWN PLANNER

ഉള്ളടക്കം: മേൽപ്രസ്താവിതം

സെക്രട്ടറി,
തിരുപുറം ഗ്രാമപഞ്ചായത്ത്

പകർപ്പ്: 1) Rev.Dr.Vincent SamualJeesus Church Building,Thirupuram
2) കരുതൽ ഫയൽ